# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 999 — 12/06/2014 ൽ മറുപടിക്ക്

## ശ്രവണസഹായി വാങ്ങുന്നതിന് വിളിച്ച ടെണ്ടർ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. എം. ആരിഫ് | | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് കഴിഞ്ഞ സാമ്പത്തിക വർഷം എസ്.എസ്.എ ഫണ്ടിൽ നിന്നും അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ; | എ) | 2013-14 സാമ്പത്തിക വർഷം 311.79 ലക്ഷം രൂപ 14 ജില്ലകളിലായി ഉപകരണ വിതരണ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. |
| ബി) | ഉപകരണങ്ങൾ വിതരണം ചെയ്യുന്നതനുള്ള ഏജൻസിയെ തെരഞ്ഞെടുക്കുന്നതിന് ടെണ്ടർ വിളിച്ചിരുന്നോ; | ബി) & സി | ടെണ്ടർ വിളിച്ചിരുന്നില്ല<br>2013-14 സാമ്പത്തിക വർഷത്തിൽ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കായുള്ള ഉപകരണ വിതരണത്തിനായി (ശ്രവണ സഹായി ഉൾപ്പെടെ) മുൻവർഷം (2012-13) ഉപകരണം വിതരണം നടത്തിയ രീതിയിൽ കേരള സർക്കാർ ഉടമസ്ഥതയിലുള്ള കെൽട്രോണിനെയാണ് ചുമതലപ്പെടുത്തിയത്. |
| സി) | ശ്രവണ ശേഷിയില്ലാത്ത കുട്ടികൾക്ക് ശ്രവണസഹായി വാങ്ങിനൽകുന്നതിന് ടെണ്ടർ വിളിച്ചിരുന്നോ; ഏതെല്ലാം കമ്പനികളാണ് ടെണ്ടറിൽ പങ്കെടുത്തത്; ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ കമ്പനി ഏതായിരുന്നു; പ്രസ്തുത കമ്പനിക്കു തന്നെയാണോ വിതരണത്തിന് അനുമതി നൽകിയത്? | | |

സെക്ഷൻ ഓഫീസർ